34.	ഡ്രൈവർ ഗ്രേഡ്-2	(2)	ജി.ഒ.(ആർ.ടി.) നം. 22/2000/ വിജി. തീയതി 5-2-2000
35.	ഡ്രൈവർ ഗ്രേഡ്-2	(1)	ജി.ഒ.(എം.എസ്.) നം. 67/2000/ വിജി. തീയതി 27-6-2000
36.	പാർട്ട് ടൈം സ്വീപ്പർ	(5)	ജി.ഒ.(എം.എസ്.) നം. 101/2000/ വിജി. തീയതി 7-11-2000

ആകെ 79 എണ്ണം.

മാലിന്യ നിക്ഷേപകേന്ദ്രം മാറ്റി സ്ഥാപിക്കൽ

115 [120] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിലെ മാലിന്യ നിക്ഷേപ കേന്ദ്രം മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഈ കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ജനവാസം കുറഞ്ഞ പ്രദേശം കണ്ടെത്തി മാലിന്യ നിക്ഷേപത്തിനും സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനുമായി നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിർദ്ദേശം അംഗീകരിച്ച് സ്ഥലം കണ്ടെത്താനും മേൽ നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ—സി) കോഴിക്കോട് കോർപ്പറേഷന്റെ മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് പുറത്തേക്ക് ഒഴുകുന്ന മലിനജലം ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്തിലെ 2, 4, 5, 6, 18 വാർഡുകളിലൂടെ ഒഴുകി ചെറുപുഴയിൽ എത്തുകയും ആയത് പുഴവെള്ളം മലിനമാക്കുകയും ചെയ്യുന്നതായ ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പരാതി സർക്കാരിൽ ലഭിച്ചതനുസരിച്ച് ആയത് വിശദമായി പരിശോധിക്കുകയും ഉണ്ടായി. അതോടൊപ്പം ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി, പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി, കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസർ എന്നിവരെ നേരിൽ കേൾക്കുകയും വിശദമായി ഈ വിഷയം ചർച്ച ചെയ്യുകയും ഉണ്ടായി. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിൽ ആണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly